പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2722

21.06.2012- ലെ
മറുപടിക്ക്

കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ആവശ്യപ്പെട്ട് ഏതെങ്കിലും സംഘടന നിവേദനം സമർപ്പിക്കുകയോ സമരങ്ങൾ സംഘടിപ്പിക്കുകയോ ചെയ്യുതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. കേരള കയർ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ, കേരള കയർ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ(CITU), കേരള കയർ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൗൺസിൽ (AITUC) എന്നീ സംഘടനകൾ ഇതിനായി നിവേദനം സമർപ്പിച്ചി ട്ടുണ്ട്. കയർ വർക്കേഴ്സ് സെന്റർ(CITU) കയർ വികസന ഡയറക്ടറുടെ കാര്യാലയത്തിനു മുമ്പിൽ ഏകദിന ധർണ്ണ നടത്തുകയും തുടർന്ന് ഒരു നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടു ണ്ട്. |
| (ബി) കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (ബി) കയർ സഹകരണ സംഘം ജീവന ക്കാരുടെ സേവന വേതന പരിഷ്ക്കരണ ത്തിനായി സെക്രട്ടറി(കയർ), കയർ വികസന ഡയറക്ടർ, ശ്രീ. പി. അശോകൻ, ശ്രീ. എ.കെ. രാജൻ, അഡ്വ. എൻ.പി. കമലാധരൻ എന്നിവർ അംഗങ്ങളായ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ 29.12.2011 തീയ്യതിയിലെ യോഗത്തിൽ ശ്രീ. പി. അശോകൻ, അഡ്വ. എൻ.പി. കമലാധരൻ , കയർ വികസന ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർ അംഗങ്ങളായ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും ടി. സബ് കമ്മിറ്റി വിവിധ ചർച്ചകൾക്ക് ശേഷം കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടു ണ്ട്. പ്രസ്തുത റിപ്പോർട്ട് സെക്രട്ടറിതല കമ്മിറ്റി പരിശോധിച്ച ശേഷം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |
| സി)പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പ്രകാരം കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | സി) സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിച്ചാലുടൻ ജീവന ക്കാരുടെ സേവന വേതന പരിഷ് - ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതാണ്. |
| (ഡി)കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളം അടിയന്തിര മായി പരിഷ്കരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) കയർ സഹകരണ സംഘം ജീവന ക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചു നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ